**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 67** **29-01-2024 - ൽ മറുപടിയ്ക്ക്**

**ടെക്നോപാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനവും നിക്ഷേപ സാധ്യതകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഐ. ടി. വ്യവസായ മേഖലയിൽ കേരളം നൽകുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നിക്ഷേപ സാധ്യതകളും ലോകവുമായി പങ്കുവയ്ക്കുന്നതിന് നടത്തുന്ന പരിശ്രമങ്ങൾ വിശദമാക്കാമോ; | (എ) | ഐ.ടി.വ്യവസായ മേഖലയിൽ കേരളം നൽകുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നിക്ഷേപ സാധ്യതകളും ലോകവുമായി പങ്കുവെക്കുന്നതിന് നടത്തുന്ന പരിശ്രമങ്ങൾ ചുവടെ ചേർക്കുന്നു.<br>• സെർച്ച് എഞ്ചിൻ ഒപ്റ്റിമൈസേഷൻ (SEO) മികവോട്ടുകൂടിയ നവീകരിച്ച വെബ് സൈറ്റ് ഉൾപ്പെടെ ഡിജിറ്റൽ പ്ലാറ്റ് ഫോമുകളുടെ ഫലപ്രദമായ ഉപയോഗം.<br>• അടിസ്ഥാന വികസനം, ജീവനക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ, മറ്റു സാംസ്കാരിക പരിപാടികൾ എന്നിവ ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള വിദഗ്ധമായ പി.ആർ. പ്രവർത്തനം. ഇതിലൂടെ ഇവിടുത്തെ അതുല്യമായ ആവാസവ്യവസ്ഥയിൽ ഊന്നിയുള്ള കമ്പനികളുടെ ഉയർച്ചയും വളർച്ചയും കൂടി ദൃശ്യവൽക്കരിക്കപ്പെടുന്നുണ്ട്.<br>• ജൈയ്ടെക്സ് (GITEX), സീ.ഇ.എസ്. (കൺസ്യൂമർ ഇലക്ട്രോണിക്സ് ഷോ) തുടങ്ങിയ അന്താരാഷ്ട്ര പരിപാടികളിലെ പങ്കാളിത്തം.<br>• ബി.സി.ജി.ഗ്ലോബൽ, ഇന്ത്യ സ്കിൽസ് റിപ്പോർട്ട്, ഡിലോയിറ്റ് നാസ്സ്കോം റിപ്പോർട്ട് തുടങ്ങിയവയുടെ റിപോർട്ടുകൾ.<br>• ഹൈ പവർ ഐ.ടി. കമ്മിറ്റി മുഖേന കേരളത്തിലെ ഐ.ടി.മേഖലയെ പുഷ്ടിപ്പെടുത്തൽ.<br>• നിക്ഷേപകരുടെയും സംരംഭകരുടെയും ഇടയിൽ കേരളത്തെ ഫലപ്രദമായി അവതരിപ്പിക്കുന്നതിന് വേണ്ടി അന്തർദേശീയ പ്രോപ്പർട്ടി കൺസൾട്ടന്റുമാരുടെ നിയമനം. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ ഏഴര വർഷമായി സംസ്ഥാനത്തെ ഐ.ടി. രംഗത്ത് പ്രവർത്തിക്കുന്ന കമ്പനികളുടെയും വിവിധ കമ്പനികളിലെ ജീവനക്കാരുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവും എത്രയെന്ന് അറിയിക്കുമോ; | (ബി) | കഴിഞ്ഞ ഏഴര വർഷമായി തിരുവനന്തപുരം ടെക്നോപാർക്കിൽ കമ്പനികൾ 358-ൽ നിന്നും 486 –ആയും, ജീവനക്കാർ 50000 -ത്തിൽ നിന്നും 72000–ത്തോളം ആയും; കൊച്ചി ഇൻഫോപാർക്കിൽ കമ്പനികൾ 278-ൽ നിന്നും 580 –ആയും, ജീവനക്കാർ 28000 -ത്തിൽ നിന്നും 67000–ത്തോളം ആയും; കോഴിക്കോട് സൈബർപാർക്കിൽ കമ്പനികൾ 4-ൽ നിന്നും 83 –ആയും, ജീവനക്കാർ 65-ൽ നിന്നും 2200–ഓളം ആയും, വർദ്ധിക്കുകയുണ്ടായി.<br><br>കഴിഞ്ഞ ഏഴര വർഷമായി സംസ്ഥാനത്തെ മൂന്ന് ഐ.ടി.പാർക്കുകളിലുമായി മൊത്തം 509 കമ്പനികളുടെയും ഏകദേശം 63135 - ഓളം ജീവനക്കാരുടെയും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |
| (സി) | തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ ഇപ്പോൾ നിർമ്മാണം പൂർത്തീകരിച്ച ഫേസ് 3 -ൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | പ്രത്യേക സാമ്പത്തിക മേഖലയിൽ നിർമ്മിച്ചിരിക്കുന്ന 'നയാഗ്ര' എന്ന ഐ.ടി. കെട്ടിടം 1.5 ദശലക്ഷം ച. അടിയിലാണ് നിർമ്മിച്ചിരിക്കുന്നത്. 1 ലക്ഷം ച.അടി ഐ.ടി . സ്പേസിൽ 85% വും ഇതിനകം തന്നെ കമ്പനികൾ ഏറ്റെടുത്തു കഴിഞ്ഞു. ലീഡ് ഗോൾഡ് (LEED Gold) സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ പ്രസ്തുത കെട്ടിടം വളരെ പ്രകൃതി സൗഹാർദ്ധമായാണ് നിർമ്മിച്ചിട്ടുള്ളത്. ഓഫീസ് മുറികൾക്ക് പുറമെ ഫുഡ് കോർട്ടുകൾ, കുട്ടികൾക്ക് വേണ്ടിയുള്ള കെയർ സെന്റർ, വിശാലമായ ലോബികൾ എന്നിവയും ഒരുക്കിയിരിക്കുന്നു. 13 നിലകളുള്ള കെട്ടിടത്തിൽ 1350 കാറുകൾ ഒരേ സമയം പാർക്ക് ചെയ്യുന്നതിനുള്ള സംവിധാനവും 7 നിലകളിലായി ഒരുക്കിയിരിക്കുന്നു. |
| (ഡി) | ടോറസ് ഡൗൺ ടൗൺ പദ്ധതിയുടെ ആദ്യഘട്ടമായ നയാഗ്ര യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നേരിടേണ്ടിവന്നതെന്ന് വിശദമാക്കാമോ? | (ഡി) | നിർമാണ കാലയളവിലെ കോവിഡ് മഹാമാരി, വിവിധ കോടതി വ്യവഹാരങ്ങൾ എന്നിവ കാരണം ടോറസ് ഡൗൺ ടൗൺ പദ്ധതിയുടെ ആദ്യഘട്ടമായ നയാഗ്രയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ട്. നിലവിൽ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ